# STATE INSTITUTE OF EDUCATIONAL MANAGEMENT AND TRAINING-KERALA
# (SIEMAT-KERALA)

M.G. Road, East Fort, Thiruvananthapuram-695036, Kerala
Phone No: 0471-2460343, 2461169
Website : www.siemat.kerala.gov.in E-mail : director.siemat@kerala.gov.in


**അടിയന്തരം**

No. SIEMAT/Ad.A1/800/2022 19/10/2022

സ്വീകർത്താവ്

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**
ഡി.ജി.ഇ. ഓഫീസ്
തിരുവനന്തപുരം

സർ,

വിഷയം: **'Say no to DRUGS'** കാമ്പയിൻ - പൊതുവിദ്യാലയങ്ങൾക്കുവേണ്ടിയുള്ള ഷോർട്ട് ഫിലിം മത്സരം 2022 - വിജ്ഞാപനം സംബന്ധിച്ച്:-

പൊതുവിദ്യാഭ്യാസ വകുപ്പ് സമാരംഭിച്ചിട്ടുള്ള **'Say no to DRUGS'** കാമ്പയിൻന്റെ ഭാഗമായി, സ്റ്റേറ്റ് ഇൻസിറ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജിയുടെയും (SIET) സീമാറ്റ്-കേരളയുടെ ഭാഗമായി പ്രവർത്തിക്കുന്ന സ്കൂൾ ലീഡർഷിപ് അക്കാദമി - കേരളയുടെയും (SLA-K) സംയുക്താഭിമുഖ്യത്തിൽ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾക്കുവേണ്ടി ഷോർട്ട് ഫിലിം മത്സരം സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നു. ലഹരിക്കും മയക്കുമരുന്നിനും എതിരെയുള്ള സന്ദേശം ഉൾക്കൊള്ളുന്ന/ ദ്യോതിപ്പിക്കുന്ന ഷോർട്ട് ഫിലിമുകളാണ് മത്സരത്തിന് പരിഗണിക്കുന്നത്.

വിശദാംശങ്ങൾ അടങ്ങിയ വിജ്ഞാപനം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. പ്രസ്തുത വിജ്ഞാപനം ഡയറക്ടറേറ്റിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്നും എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (ഡി.ഡി.ഇ., ആർ.ഡി.ഡി., എ.ഡി.,ഡി.ഇ.ഒ., എ.ഇ.ഒ.) ഇ-മെയിൽ മുഖാന്തിരം അയച്ചു കൊടുക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ഉള്ളടക്കം: വിജ്ഞാപനത്തിന്റെ പകർപ്പ് (വിജ്ഞാപനത്തിന്റെ സോഫ്റ്റ് കോപ്പി ഇ-മെയിൽ ചെയ്തിട്ടുണ്ട്)

വിശ്വസ്തതയോടെ,

ഡയറക്ടർ
SIET, SIEMAT-Kerala & SLA-K

പകർപ്പ് : ഡി.ഡി.ഇ./ആർ.ഡി.ഡി./എ.ഡി /ഡി.ഇ.ഒ./എ.ഇ.ഒ.

No. SIEMAT/Ad.A1/800/2022

# സ്കൂളുകൾക്കുള്ള ഷോർട്ട് ഫിലിം മത്സരം

## (വിജ്ഞാപനം)

പൊതുവിദ്യാഭ്യാസ വകുപ്പ് സമാരംഭിച്ചിട്ടുള്ള **'Say no to DRUGS'** കാമ്പയിൻന്റെ ഭാഗമായി, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജിയുടെയും (SIET) സീമാറ്റ്-കേരളയുടെ ഭാഗമായി പ്രവർത്തിക്കുന്ന സ്കൂൾ ലീഡർഷിപ്പ് അക്കാദമി - കേരള യുടെയും (SLA-K) സംയുക്താഭിമുഖ്യത്തിൽ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾക്കു വേണ്ടി ഷോർട്ട് ഫിലിം മത്സരം സംഘടിപ്പിക്കുന്നു. ലഹരിക്കും മയക്കുമരുന്നിനും എതിരെ യുള്ള സന്ദേശം ഉൾക്കൊള്ളുന്ന/ ദ്യോതിപ്പിക്കുന്ന ഷോർട്ട് ഫിലിമുകളാണ് മത്സരത്തിന് പരിഗണിക്കുന്നത്.

**നിബന്ധനകൾ**

- ഷോർട്ട് ഫിലിമിന്റെ പരമാവധി ദൈർഘ്യം - 5 മിനിട്ട്.
- മൊബൈൽ ഫോണിലടക്കം ചിത്രീകരിച്ച ഷോർട്ട് ഫിലിമുകൾ മത്സരത്തിന് സമർപ്പിക്കാവുന്നതാണ്.
- വിദ്യാർത്ഥികൾ തയ്യാറാക്കിയ/ വിദ്യാർത്ഥികളും അധ്യാപകരും സംയുക്തമായി തയ്യാറാക്കിയ ഷോർട്ട് ഫിലിമുകൾ മാത്രമേ മത്സരത്തിന് പരിഗണിക്കുകയുള്ളു.
- മറ്റ് മത്സരങ്ങളിൽ സമ്മാനം നേടിയിട്ടുള്ള ഷോർട്ട് ഫിലിമുകൾ സമർപ്പിക്കാൻ പാടില്ലാത്തതാണ്.

**സമർപ്പിക്കേണ്ട വിധം**

മത്സരത്തിനുള്ള ഷോർട്ട് ഫിലിമുകൾ ഗൂഗിൾ ഡ്രൈവിൽ അപ്‌ലോഡ് ചെയ്തശേഷം താഴെ പ്പറയുന്ന ഇ-മെയിൽ അഡ്രസ്സിൽ ലിങ്ക് ഷെയർ ചെയ്യുക (സ്കൂളിന്റെ പേര്, വിലാസം, ഫോൺ നമ്പർ, സാക്ഷ്യപത്രം എന്നിവയടക്കം).

*ലിങ്ക് ഷെയർ ചെയ്യേണ്ട e-mail ID :*

notodrugs2022@gmail.com

***അല്ലെങ്കിൽ***

ഷോർട്ട് ഫിലിം അടങ്ങുന്ന പെൻഡ്രൈവും സാക്ഷ്യപത്രവും താഴെപ്പറയുന്ന വിലാസത്തിൽ അയച്ചുതരുക.

*വിലാസം :*

സ്കൂൾ ലീഡർഷിപ്പ് അക്കാദമി-കേരള (SLA-K)

C/o ഡയറക്ടർ,

സീമാറ്റ്-കേരള, എം.ജി റോഡ്,

ഈസ്റ്റ് ഫോർട്ട്, തിരുവനന്തപുരം - 695036

എൻട്രികൾ പെൻഡ്രൈവിൽ സമർപ്പിക്കുമ്പോൾ കവറിന് പുറത്ത് **"ഷോർട്ട് ഫിലിം മത്സരം - 2022"** എന്ന് രേഖപ്പെടുത്തിയിരിക്കണം.

**സാക്ഷ്യപത്രം**

സ്കൂളിലെ വിദ്യാർത്ഥികൾ തയ്യാറാക്കിയ/ വിദ്യാർത്ഥികളും അധ്യാപകരും സംയുക്തമായി തയ്യാറാക്കിയ ഷോർട്ട് ഫിലിമാണ് മത്സരത്തിന് സമർപ്പിക്കുന്നത് എന്ന സ്കൂൾ മേധാവിയുടെ സാക്ഷ്യപത്രമടക്കമാണ് എൻട്രികൾ സമർപ്പിക്കേണ്ടത്.

**എൻട്രികൾ സമർപ്പിക്കാനുള്ള അവസാന തീയതിയും സമയവും**

2022 ഒക്ടോബർ 29 ന് വൈകുന്നേരം 5 മണി വരെ ലഭിക്കുന്ന എൻട്രികളായിരിക്കും മത്സരത്തിന് പരിഗണിക്കുന്നത്.

മത്സരം സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് സീമാറ്റ്-കേരളയുടെ SLA-K സെല്ലിലോ SIET യിലോ ബന്ധപ്പെടാവുന്നതാണ്.

- SLA-K : 0471-2460343, 9567354542
- SIET : 0471-2338541, 9388127262

**ഡയറക്ടർ**
**SIET, SIEMAT-Kerala & SLA-K**

തിരുവനന്തപുരം
19.10.2022